പിന്നിലുള്ളതെന്ന് എനിക്ക് മനസിലാക്കാൻ കഴിയുന്നില്ല. അതുകൊണ്ട് എല്ലാ നിബന്ധനകളും ഉൾക്കൊണ്ടുകൊണ്ട് നടത്തിയിട്ടുള്ള ഒരു ടെൻഡർ എന്നുള്ള നിലയിൽ ഇത് കാൻസൽ ചെയ്യുകയോ പ്രത്യേകമായി അന്വേഷണം വയ്ക്കുകയോ ചെയ്യേണ്ടതില്ല എന്ന് ഞാൻ സഭയെ അറിയിക്കുന്നു.

(7) വർക്കല ഗവൺമെന്റാശുപത്രി താലൂക്ക് ലെവൽ ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യം

ശ്രീ. വർക്കല കഹാർ : സർ, വർക്കല നിയോജകമണ്ഡലത്തിൽ കണ്ണമ്പക്ഷേത്രത്തിൽ 5 ആളുകൾ ദാരുണമായ അപകടത്തിൽപ്പെട്ട് മരിച്ച സംഭവം വർത്തമാന പത്രങ്ങളിൽ വരികയും നാട്ടുകാരെ ആകെ സങ്കടത്തിലാക്കുകയും ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മറ്റ് മന്ത്രിമാരൊക്കെ സംഭവസ്ഥലം സന്ദർശിച്ചിരുന്നു. അവർക്ക് മതിയായ ചികിൽസ ലഭ്യമാക്കാൻ കഴിഞ്ഞില്ല എന്ന് അവരുടെ ബന്ധുമിത്രാദികൾക്കും നാട്ടുകാർക്കും പരാതിയുണ്ടായി. വേണ്ടത്ര ചികിത്സാസൗകര്യമുള്ള സഹകരണമേഖലയിലോ അതല്ലെങ്കിൽ സർക്കാർ മേഖലയിലോ പ്രവർത്തിക്കുന്ന ഒരു ആശുപത്രിയില്ലാത്ത സ്ഥിതിവിശേഷമുണ്ട്.. ഇതുപോലുള്ള സംഭവങ്ങൾ മുമ്പും ഉണ്ടായിട്ടുണ്ട്. പാപനാശത്ത് വിനോദസഞ്ചാരികൾ തന്നെ അപകടത്തിൽപ്പെടുമ്പോൾ അവർക്ക് മതിയായ ചികിൽസാ സൗകര്യം നൽകാതെ മരണപ്പെട്ട പതിനഞ്ചോളം സംഭവങ്ങൾ ആ പ്രദേശത്ത് മുമ്പ് ഉണ്ടായിട്ടുണ്ട്. ഏകദേശം നൂറ് വർഷത്തോളം പഴക്കമുള്ള വർക്കല ഗവണ്മെന്റ് ആശുപത്രിയിൽ കാഷ്വാലിറ്റി സൗകര്യങ്ങൾ ഉണ്ടാകണമെന്നുള്ളതാണ് നാട്ടുകാരുടെ ചിരകാലാഭിലാഷം. ഇതിനെ ഒരു താലൂക്ക് ലവൽ ആശുപത്രിയായി ഉയർത്തുന്നതിനുവേണ്ടിയുള്ള ഒരു സർക്കാർ ഉത്തരവും നടപടികളും ഒക്കെ നേരത്തെ ഉണ്ടായിട്ടുള്ളതാണ്. റീഡിപ്ലോയ്മെന്റിലൂടെ അത് പരിഹരിക്കണം എന്ന ആവശ്യം ഉണ്ടായിരുന്നു. പക്ഷേ ആ കാര്യം ചില സാങ്കേതികമായ തടസ്സങ്ങൾ കാരണം നടപ്പിലാക്കാൻ പറ്റിയിട്ടില്ല. നാട്ടുകാരുടേയും, കയർത്തൊഴിലാളികളും മൽസ്യത്തൊഴിലാളികളും ഉൾപ്പെടെയുള്ള ആളുകളുടെ ഏറ്റവും വലിയ അത്താണിയായ ഈ ആശുപത്രിയെ, താലൂക്ക് ലവൽ ആശുപത്രിയായി ഉയർത്തുന്നതിനുവേണ്ടിയിട്ടുള്ള നടപടി ഉണ്ടാകണം. ഇത് ജനങ്ങളുടെ ചിരകാല അഭിലാഷമാണ്. ആ കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ) : സർ, വർക്കല കണ്ണമ്പക്ഷേത്രത്തിൽ ഉൽസവത്തോടനുബന്ധിച്ച് ഉണ്ടായ അപകടം നടന്ന ദിവസം മരിച്ച അഞ്ച് ആളുകളുടെ മൃതശരീരം രാത്രിയോടെ വർക്കല ഗവൺമെന്റ് ആശുപത്രിയിൽ കൊണ്ടുവരികയും മോർച്ചറിയിൽ സൂക്ഷിച്ച് പിറ്റേദിവസം പോസ്റ്റ്മോർട്ടം നടത്തി ബന്ധുക്കൾക്ക് കൈമാറുകയുമുണ്ടായി. കൂടാതെ രണ്ടാളുകൾ സംഭവവുമായി ബന്ധപ്പെട്ട് ചികിൽസ തേടി ഈ സ്ഥാപനത്തിൽ എത്തുകയും ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഡോക്ടറുടെ സേവനം ലഭ്യമാക്കി അവർക്ക് ചികിൽസ നൽകുകയും ചെയ്തിരുന്നു. വർക്കല ഗവൺമെന്റ് ആശുപത്രിയിൽ 64 കിടക്കകളും 47 ജീവനക്കാരുമാണുള്ളത്. എക്സ്റേ, ലാബ്, മോർച്ചറി തുടങ്ങിയ സൗകര്യങ്ങൾ ആശുപത്രിയിൽ ലഭ്യമാണ്. എന്നാൽ അത്യാഹിത വിഭാഗവും ആംബുലൻസ് സൗകര്യങ്ങളും നിലവിലില്ല. വർക്കല ആശുപത്രിയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 16 ജീവനക്കാരെ വിവിധ സ്ഥാപനങ്ങളിൽ നിന്ന് പുനർവിന്യസിപ്പിക്കാൻ 22-1-2003-ൽ ഉത്തരവിടുകയും അതിൽ രണ്ട് തസ്തികകളുടെ പുനർവിന്യാസം

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ഉത്തരവ് പ്രകാരംതന്നെ റദ്ദാക്കുകയും ചെയ്തിരുന്നു. ഇപ്രകാരം പുനർ വിന്യസിക്കപ്പെട്ട തസ്തികകളിൽ ഏഴ് ജീവനക്കാരെ അവർ ജോലിചെയ്തിരുന്ന ആശുപത്രികളിൽനിന്ന് വിടുതൽ ചെയ്യുന്നതിന് തദ്ദേശിയരുടെയും ജനപ്രതിനിധികളുടെയും എതിർപ്പുമൂലം സാധിച്ചിട്ടില്ല. വർക്കല ഗവൺമെന്റ് ആശുപത്രിയിൽ അത്യാഹിത വിഭാഗം ഉൾപ്പെടെ 24 മണിക്കൂറും പ്രവർത്തിക്കുന്നതിന് ആവശ്യമായ ഡോക്ടർമാരുൾപ്പെടെയുള്ള 19 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. 20 കിടക്കകളുള്ള വാർഡ് പണിയുന്നതിന് 14,30,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുമുണ്ട്.

(8) വിഷമദ്യ ദുരന്തം സംബന്ധിച്ച കമ്മീഷൻ റിപ്പോർട്ട്

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, എന്റെ മണ്ഡലത്തിലെ കല്ലുവാതുക്കലിൽ 2001 ഒക്ടോബർ 21-ാം തീയതി നടന്ന വിഷമദ്യ ദുരന്തത്തിൽ 31 പേർ മരണപ്പെട്ട സംഭവം എല്ലാവർക്കും അറിയാവുന്നതാണ്. അതുസംബന്ധിച്ച് അന്വേഷിക്കാനാണ് ജസ്റ്റീസ് മോഹൻകുമാർ കമ്മീഷനെ നിയോഗിച്ചത്. ഞാൻ തന്നെ ഈ നിയമസഭയിൽ ശ്രദ്ധക്ഷണിക്കലിലൂടെയും നിരവധി ചോദ്യങ്ങളിലൂടെയും ചോദിച്ചിട്ടും ജസ്റ്റീസ് മോഹൻകുമാർ കമ്മീഷൻ റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വച്ചിട്ടില്ല. രാഷ്ട്രീയ നേതാക്കന്മാരുടെ മാസപ്പടിയെക്കുറിച്ചും അതുപോലെതന്നെ എക്സൈസ് ഡിപ്പാർട്ടുമെന്റിനെ പിരിച്ചുവിട്ട് പോലീസിൽ ലയിപ്പിക്കണമെന്നുള്ള നിർദ്ദേശങ്ങൾ അടക്കം അതിലുണ്ടെന്നാണ് അറിയുന്നത്. വിലകുറഞ്ഞ മദ്യം ലഭ്യമാക്കണമെന്നൊക്കെ ജസ്റ്റീസ് മോഹൻകുമാർ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടെന്നാണ് അറിയുന്നത്. ഈ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കാത്തത് ദുരൂഹമായ സാഹചര്യത്തിലാണ്. അത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കാൻ മുഖ്യമന്ത്രി തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : സർ, 2001 ഒക്ടോബർ 21-ന് നടന്ന വിഷമദ്യ ദുരന്തത്തെക്കുറിച്ച് അന്വേഷിക്കാൻ ജസ്റ്റീസ് മോഹൻകുമാർ കമ്മീഷനെ നിയോഗിച്ചു. കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചു. രണ്ട് വർഷം മുമ്പ് ലഭിച്ചതാണ്. ആ റിപ്പോർട്ട് സഭയിൽ വയ്ക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ട്. ആ റിപ്പോർട്ട് ധനകാര്യ വകുപ്പിന്റെയും ടാക്സസ് വകുപ്പിന്റെയും (എക്സൈസിന്റെ ചുമതല വഹിക്കുന്നത് ടാക്സസ് ഡിപ്പാർട്ടുമെന്റാണ്) പരിഗണയിലാണ്. ഈ രണ്ട് ഡിപ്പാർട്ടുമെന്റിന്റെയും പരിഗണനയ്ക്ക് കൊടുത്ത് പല നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിനും ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനും വേണ്ടിയിട്ടുള്ള ചില നടപടികളുമായി മുന്നോട്ട് നീങ്ങിയതുകൊണ്ടാണ് കാലതാമസം ഉണ്ടായത്. കമ്മീഷന്റെ റിപ്പോർട്ട് പ്രിന്റ് ചെയ്ത് ഒരാഴ്ചയ്ക്കുള്ളിൽ ഗവൺമെന്റിന് കിട്ടും. ഈ സമ്മേളനത്തിൽ തന്നെ ആ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുമെന്ന് ഉറപ്പു പറയുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഫിനാൻസ് ബില്ലിന്റെ ഭേദഗതി കൊടുക്കേണ്ടത് 10 മണിക്കായിരുന്നു. മലയാളം കോപ്പി നമുക്ക് ഇതുവരെ കിട്ടിയിട്ടില്ല. ഭേദഗതി കൊടുക്കാനാണെങ്കിൽ സങ്കീർണ്ണമായ ഒരു ബില്ലാണിത്. ഇപ്പോൾതന്നെ "വാറ്റി" ന് പകരമുള്ള സംവിധാനം ഇതിൽ വരികയാണ്. ഇപ്പോൾ എച്ച്.എസ്.എൻ. കോഡ് ആർക്കെങ്കിലും അറിയുമോ? ആ കോഡ് മാറിയാൽ തന്നെ ആ സാധനം തന്നെ മാറി. അതുകൊണ്ട് മലയാളം കോപ്പി കിട്ടാത്തതു പരിഗണിക്കേണ്ടതുണ്ട്.

മി. സ്പീക്കർ : ഞാൻ അത് പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly